# ERICADU,
## (PUTHUPALLY)
# ST. MARY'S CHURCH




**പു**തുപ്പള്ളി സെന്റ് ജോർജ്ജ്, എറികാട്, നിലയ്ക്കൽ, പരിയാരം സെന്റ് പീറ്റേഴ്സ് എന്നീ ഇടവകകളിൽപ്പെട്ട ഏതാനും അംഗങ്ങൾ അവരുടെ സൗകര്യാർത്ഥം കല്ലറയ്ക്കൽ ഐപ്പ് വർഗീസ് നൽകിയ സ്ഥലത്ത് 1120–ാം മാണ്ട് ധനുമാസം 21 ന് ഈ പള്ളി സ്ഥാപിച്ചു. നി.വ.ദി.ശ്രീ. മിഖായേൽ മാർ ദിവന്നാസിയോസ് തിരുമനസ്സുകൊണ്ടാണ് ഈ പള്ളിയുടെ ശിലാസ്ഥാപനവും കൂദാശയും നടത്തിയത്. പള്ളിക്കും ശവക്കോട്ടയ്ക്കും ബഹു. ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ട്. വെള്ളൂപ്പറമ്പിൽ ഏബ്രഹാം കത്തനാർ, കല്ലറയ്ക്കൽ ഫിലിപ്പോസ് ശെമ്മാശൻ, കുഴിയടിത്തറയിലായ കാരുവള്ളിൽ വർഗീസ്, കുമ്പളം തറയിൽ തോമസ് എന്നിവരാണ് പള്ളിക്കുവേണ്ടി എഴുതിക്കൊടുത്ത ഉടമ്പടിയിൽ ഒപ്പിട്ടിട്ടുള്ളത്.

പരി. ദൈവമാതാവിന്റെ നാമത്തിലാണ് ഈ പള്ളി സ്ഥാപിച്ചിട്ടുള്ളത്. വടക്കുവശത്തെ ത്രോണോസ് പരി. ശർബീൽ സഹദായുടെ നാമത്തിലും തെക്കുവശത്തെ ത്രോണോസ് വി. ഗീവറുഗീസ് സഹദായുടെ നാമത്തിലുമാണ്. വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സിംഹാസനത്തിൽ നിന്നും കോട്ടയം ഇടവകയ്ക്കുവേണ്ടി നിയമിച്ചിട്ടുള്ള നി.വ.ദി.ശ്രീ. മിഖായേൽ മാർ ദിവന്നാസിയോസ് തിരുമനസ്സിലെയും പിൻഗാമികളുടെയും അധികാരത്തിലും ഭരണത്തിലും ഇരിക്കേണ്ടതാകുന്നുവെന്ന് ഉടമ്പടിയിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാരംഭ വികാരി വെള്ളൂപ്പറമ്പിൽ ഏബ്രഹാം കത്തനാർ ആയിരുന്നു. 1124 ഇടവമാസത്തിൽ ഇടവകാംഗമായ കല്ലറയ്ക്കൽ ഫിലിപ്പോസ് ശെമ്മാശൻ കശ്ശീശ സ്ഥാനം നി.വ.ദി.ശ്രീ. മിഖായേൽ മാർ ദിവന്നാസിയോസ് തിരുമേനിയിൽ നിന്നും സ്വീകരിക്കുകയും തുടർന്ന് ഈ പള്ളിയുടെ വികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. 1989 ൽ പുതുക്കിപണിത പള്ളി നി.വ.ദി.ശ്രീ പെരുമ്പള്ളിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശ ചെയ്തു. പഴയപള്ളി ഇരുന്ന സ്ഥലത്താണ് ഇപ്പോഴത്തെ പള്ളി ഓഫീസ് സ്ഥിതി ചെയ്യുന്നത്.

ബഹു. കല്ലറയ്ക്കൽ ഫിലിപ്പോസ് കശ്ശീശയ്ക്കുശേഷം ദിവ്യ ശ്രീമാന്മാരായ കോട്ടപ്പുറത്ത് ഫിലിപ്പോസ് കശ്ശീശ, കോതകേരിൽ ഏബ്രഹാം കശ്ശീശ, കറുകയിൽ കുര്യാക്കോസ് കശ്ശീശ, ഇട്ട്യാടത്ത് കുര്യാക്കോസ് കശ്ശീശ, വെട്ടുകുഴിയിൽ ജോസഫ് ജോൺ കശ്ശീശ, മണ്ണൂർ ജേക്കബ് കുര്യൻ കശ്ശീശ, മല്ലുകാട്ട് മർക്കോസ് കശ്ശീശ, മണവത്ത് മാത്യൂസ് കശ്ശീശ, കുളത്തുങ്കൽ തോമസ് കശ്ശീശ, കാലായിൽ കുര്യാക്കോസ് കശ്ശീശ എന്നിവരും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ വികാരിയായി ബഹു. പോത്താനിക്കൽ ജോൺ കശ്ശീശയും സഹവികാരിയായി കണ്ടാന്ത്ര തോമസ് കുര്യൻ കശ്ശീശയും സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ ഈ പള്ളിയിൽ 30 ഇടവകാംഗങ്ങൾ ഉണ്ട്. ജനുവരി 15–ാ തീയതിയാണ് ദൈവമാതാവിന്റെ വിത്തുകളെ പ്രതിയുള്ള പെരുനാൾ നടത്തുന്നത്. സൺഡേസ്കൂൾ, മർത്തമറിയം സമാജം, യൂത്ത് അസോസിയേഷൻ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org